**ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രോജക്ടുകൾക്ക് അംഗീകാരം**

**124 (1852)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച നബാർഡിന്റെ സ്പാൻ പദ്ധതിയിലെ 670 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് പുറമെ ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച 479 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് പ്രസ്തുത പ്രോജക്ടുകൾക്ക് കീഴിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതിനെല്ലാം ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. നിർമ്മാണത്തിലിരിക്കുന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണം.

2. നിലവിലുള്ള ആറ് ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ.

3. നിലവിലുള്ള 43 ജലശുദ്ധീകരണശാലകളുടെ പുനരുദ്ധാരണം

4. പാറശ്ശാലയ്ക്കും സമീപ പ്രദേശങ്ങൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

5. കുമരകം തിരുവാർപ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം.

(സി) എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ**

**125 (1853)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര ഗ്രാമീണ കുടിവെള്ള പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത് ;

(സി) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. IX, XIV എന്നിവയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ഗ്രാമീണ പദ്ധതികളും ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച കേടുവന്നതും കാലപ്പഴക്കം ചെന്നതുമായ പമ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിക്കുന്ന പദ്ധതിയും ഉൾപ്പെടുന്നു.

(ബി) ആർ.ഐ.ഡി.എഫ്. IX-ൽ മൂന്നുപദ്ധതിയും XIV-ൽ അനുമതി ലഭിച്ചവയിൽ 31 പദ്ധതികളും ആണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

(സി) ഉൾപ്പെടുന്നില്ല.

**ജെ.ബി.ഐ.സി. സഹായത്തോടെ ജലവിതരണ പദ്ധതികൾ**

**126 (1854)** ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.ബി.ഐ.സി. സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന അഞ്ച് ജലവിതരണ പദ്ധതികളിൽ ഇതുവരെ പൂർത്തീകരിക്കാനായ പദ്ധതികൾ ഏതൊക്കെയെന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികൾ ഓരോന്നും എപ്പോഴോക്കെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതികൾക്കായി ഇതുവരെ സഹായധനമായി എത്ര കോടി രൂപ ലഭ്യമായി ; ഇതിൽ എന്തുതുക ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ സംസ്ഥാന വിഹിതമായി ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജപ്പാൻ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന അഞ്ച് ജലവിതരണ പദ്ധതികളിൽ തിരുവനന്തപുരം പദ്ധതി 18-5-2010-ന് ഭാഗികമായി കമ്മീഷൻ ചെയ്തു. മീനാട് പദ്ധതി 24-2-2011-ന് ഭാഗികമായി കമ്മീഷൻ ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly